**തിരുവനന്തപുരം വെസ്റ്റ് മണ്ഡലത്തിലെ ടൂറിസം വികസന പ്രവർത്തനങ്ങൾ**

**92 (4715)** ശ്രീ. വി. സുരേന്ദ്രൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം വെസ്റ്റ് മണ്ഡലത്തിലെ ടൂറിസം മേഖലയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി ;

(ബി) എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഇനി എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തിരുവനന്തപുരം വെസ്റ്റ് മണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കാണ് അനുമതി നൽകിയത്.

1. ബീമാപള്ളിയിൽ തീർത്ഥാടക വിശ്രമകേന്ദ്രം.

2. ചാച്ചാ നെഹ്രു ചിൽഡ്രൻസ് പാർക്ക് നവീകരണം, ശംഖുമുഖം.

3. സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി ശംഖുമുഖം ബീച്ചും പരിസര പ്രദേശങ്ങളുടേയും നവീകരണം.

4. വേളി ടൂറിസ്റ്റ് വില്ലേജിൽ നടപ്പാത, ലൈഫ് ഗാർഡ് സ്റ്റേഷൻ, ഗാർഡൻ എന്നിവയുടെ പണി.

5. വേളി സൗന്ദര്യവൽക്കരണം.

4&5. - എന്നിവ പൂർത്തിയായിട്ടുണ്ട്.

(ബി) ഏകദേശം 5 കോടി രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

(സി&ഡി) മറ്റു വികസന പ്രവർത്തനങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

**കുറ്റാലം സന്ദർശിക്കുന്ന മലയാളി ടൂറിസ്റ്റുകൾക്കായി സൗകര്യങ്ങൾ**

**93 (4716)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട്ടിലെ കുറ്റാലം സന്ദർശിക്കുന്ന മലയാളി ടൂറിസ്റ്റുകൾക്കായി എന്തൊക്കെ സൗകര്യങ്ങളാണ് സർക്കാരിന്റേതായി അവിടെ ഏർപ്പെടുത്തിയിട്ടുള്ളത് ;



LIBRARY ARCHIVES Kerala Legislative Assembly